**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** — **07-10-2024 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതു തടയാൻ സംസ്ഥാന പോലീസ് സൈബർ വിഭാഗം നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | അനുദിനം വികസിച്ചുവരുന്ന വിവര സാങ്കേതികവിദ്യയ്ക്കൊപ്പം, അവ ദുരുപയോഗം ചെയ്തുള്ള സാമ്പത്തിക തട്ടിപ്പുകളും സൈബർ കുറ്റകൃത്യങ്ങളും രാജ്യത്ത് ക്രമാതീതമായി വർദ്ധിക്കുന്നുണ്ട്. അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് 05.01.2024-ലെ സ.ഉ (കൈ) നം. 04/2024/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചു.<br><br>**സൈബർ പോലീസ് ഡിവിഷൻ:**<br><br>സൈബർ കുറ്റകൃത്യങ്ങളെ നേരിടുന്നതിനും അവ വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾക്ക് ഇടയാക്കുന്ന വസ്തുതകൾ കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനും, സൈബർ സംബന്ധമായ കേസുകളിൽ പോലീസ് സ്റ്റേഷനുകൾക്കും, സൈബർ സെല്ലുകൾക്കും ആവശ്യമായ പിന്തുണ നൽകുന്നതിനുമുള്ള നടപടികൾ സൈബർ ഡിവിഷൻ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഡിവിഷന്റെ കീഴിൽ പബ്ലിക്ക് ഔട്ട് റീച്ച് ഗ്രൂപ്പ്, സൈബർ ഫ്രോഡ് ആന്റ് സോഷ്യൽ മീഡിയ ഗ്രൂപ്പ്, സൈബർ സെക്യൂരിറ്റി ആന്റ് അഡ്വാൻസ്ഡ് ക്രൈം ഗ്രൂപ്പ്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകൾ, അനാലിസിസ് വിംഗ്, ട്രെയിനിങ് ആൻഡ് കപ്പാസിറ്റി ബിൽഡിംഗ് എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>**പബ്ലിക് ഔട്ട് റീച്ച് ഗ്രൂപ്പ്:** പൊതുജനങ്ങൾക്ക് ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് 24 മണിക്കൂറും |

പ്രവർത്തിക്കുന്ന National Cyber Crime Reporting Portal (NCRP) - ന്റെ ടോൾ ഫ്രീ നമ്പർ 1930 (Call Center) നിലവിലുണ്ട്. ഇതിലൂടെ ലഭിക്കുന്ന വിവരങ്ങളിൻമേൽ തട്ടിപ്പുകാരുടെ ബാങ്ക് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്ത് തട്ടിയെടുത്ത തുകകൾ തിരിച്ചുപിടിയ്ക്കുന്നതിനുള്ള തുടർനടപടികൾ ബന്ധപ്പെട്ട ബാങ്ക് അധികാരികളുമായി ചേർന്ന് പബ്ലിക് ഔട്ട്റീച്ച് ഗ്രൂപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

തട്ടിപ്പുകാർ ഉപയോഗിച്ചുവന്ന 12,658 മൊബൈൽ സിം കാർഡുകളും 14,293 ഡിവൈസുകളും (IMEI നമ്പർ പ്രകാരം) ബ്ലോക്ക് ചെയ്ത് പ്രവർത്തന രഹിതമാക്കിയിട്ടുണ്ട്. തട്ടിപ്പുകാർ സ്ഥിരമായി ഉപയോഗിച്ചു വന്നിരുന്ന 29,020 അക്കൗണ്ടുകൾ (Mule Accounts) നിർജ്ജീവമാക്കിയിട്ടുണ്ട്.

**സൈബർ ഫ്രോഡ് ആന്റ് സോഷ്യൽ മീഡിയ ഗ്രൂപ്പ്** : സൈബർ കുറ്റകൃത്യങ്ങളെ നേരിടുന്നതിനും, അവയെ വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾക്ക് ഇടയാക്കുന്ന വസ്തുതകൾ കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനും അത്തരം വെബ് സൈറ്റുകൾ, അനധികൃത ഓൺ ലൈൻ ലോൺ ആപ്പുകൾ, സോഷ്യൽ മീഡിയ അക്കൗണ്ട് / പോസ്റ്റ്/പേജ് മുതലായവ സൈബർ പട്രോളിങ്ങിലൂടെ കണ്ടെത്തി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സൈബർ ഫ്രോഡ് ആന്റ് സോഷ്യൽ മീഡിയ ഗ്രൂപ്പ് വഴി സ്വീകരിച്ച് വരുന്നു.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലും, സൈബർ പട്രോളിങ്ങിലൂടെ തട്ടിപ്പിനുപയോഗിച്ചു എന്ന് കണ്ടെത്തിയതുമായ 18,200 വെബ് സൈറ്റുകളും 537 അനധികൃത ഓൺലൈൻ ലോൺ ആപ്പുകളും, 9,067 സോഷ്യൽ മീഡിയ അക്കൗണ്ട് /പോസ്റ്റ്/പേജ് എന്നിവയും നിർജീവമാക്കിയിട്ടുണ്ട്.

**സൈബർ സെക്യൂരിറ്റി ആന്റ് അഡ്വാൻസ്ഡ് ക്രൈം വിഭാഗം:** സൈബർ സെക്യൂരിറ്റി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനായി INDIAN COMPUTER EMERGENCY RESPONSE TEAM (CERT-IN) -മായി ചേർന്ന് സൈബർ സെക്യൂരിറ്റി ആന്റ് അഡ്വാൻസ്ഡ് ക്രൈം വിഭാഗം പ്രവർത്തിച്ചുവരുന്നു.

പോലീസ് സേനയെ സൈബർ അറ്റാക്കുകൾ നേരിടാൻ സുസജ്ജമാക്കുന്നതിന്റെ ഭാഗമായി ഒരു വിദഗ്ദ്ധ സേനയെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്നതിനായി BSNL, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ്

ടെക്നോളജി (CUSAT), ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (IIT), നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി (NFSU) NIT Calicut എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സമഗ്രമായ പരിശീലന പരിപാടികൾ നടത്തുകയും ഇപ്രകാരം ട്രെയിനിംഗ് ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഇൻസിഡന്റ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത വിവിധ സർക്കാർ വകുപ്പുകളിൽ വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ ഉണ്ടായ സൈബർ ആക്രമണങ്ങൾ പ്രസ്തുത ടീമുകളെ ഉപയോഗപ്പെടുത്തി പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളിലുണ്ടായ 31 ഡാറ്റാ ബ്രീച്ചുകൾ ഡാർക്ക് വെബ് ഇൻവെസ്റ്റിഗേഷൻ വഴി കണ്ടെത്തി പ്രസ്തുത വകുപ്പുകളെ അറിയിക്കുകയും, അവ ഒഴിവാക്കാൻ സൈബർ ഹൈജീൻ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, സൈബർ സെക്യൂരിറ്റി ആന്റ് അഡ്വാൻസ്ഡ് ക്രൈം വിഭാഗം മുഖേനെ നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ :** പോലീസ് വകുപ്പിലെ കമ്പ്യൂട്ടറുകളും നെറ്റ് വർക്കുകളും 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും സൈബർ വെല്ലുവിളികൾ നേരിടുന്നതിനും തിരുവനന്തപുരം സൈബർ ഡോമിൽ സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററിന്റെ ഒന്നാംഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് സൈബർ നെറ്റ് വർക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ മുഖേന കേരള പോലീസിലെ 1000 സിസ്റ്റം ഓൺ ബോർഡ് ചെയ്തുകൊണ്ടാണ് ഒന്നാംഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇന്ത്യയിൽ തന്നെ സ്വന്തമായി സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്ന ഏക പോലീസ് സേന കേരള പോലീസ് ആണ്.

**Counter Child Sexual Exploitation Center:** ഈ വിഭാഗം മുഖേന കുട്ടികൾക്ക് നേരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ പ്രവർത്തനം നടത്തിവരുന്നു. ഓപ്പറേഷൻ പി -ഹണ്ട് എന്ന പേരിൽ നടത്തുന്ന ഓപ്പറേഷനുകളിലൂടെ ഇതുവരെ 351 പേരെ അറസ്റ്റ് ചെയ്യുകയും, 1758 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3305 ഉപകരണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച്, തട്ടിപ്പുകൾ ഫലപ്രദമായി അന്വേഷിക്കുന്നതിന് 355 ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു പ്രത്യേക അന്വേഷണ

| | | | |
|---|---|---|---|
| | | | സംഘം രൂപീകരിക്കുന്നതിനും, Artificial Intelligence ന്റെ സഹായത്തോടുകൂടി സൈബർ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിന് ജനങ്ങൾക്ക് ഉപയോഗപ്രദമായ സൈബർവാൾ പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും, Crypto currency വഴി തട്ടിപ്പ് തുക കൈമാറ്റം ചെയ്യുന്നത് അന്വേഷിക്കുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനും ഒരു ക്രിപ്റ്റോ കറൻസി ഇൻവെസ്റ്റിഗേഷൻ സെന്റർ കൊച്ചി സൈബർ ഡോമിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സൈബർ സാങ്കേതിക മേഖലയിലെ പുതിയ അറിവുകൾ പകർന്നു നൽകുന്നതിനായി പ്രവർത്തിയ്ക്കുന്ന ട്രെയിനിങ് ആൻഡ് കപ്പാസിറ്റി ബിൽഡിംഗ് വിഭാഗത്തിന് കീഴിൽ വിവിധ റാങ്കുകളിൽ നിന്നുള്ള 4697 പോലീസ് ഉദ്യോഗസ്ഥർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.<br><br>സൈബർ തട്ടിപ്പുകളെക്കുറിച്ച് പൗരന്മാരെ ബോധവൽക്കരിക്കുന്നതിനും സാമ്പത്തിക തട്ടിപ്പുകളിൽ നിന്നും ഭീഷണികളിൽ നിന്നും സുരക്ഷിതരാക്കുന്നതിനുള്ള പ്രായോഗിക അറിവ് നേടുന്നതിനുമായി ഓൺലൈൻ മുഖേനയുള്ള വിവിധ ബോധവൽക്കരണ പ്രോഗ്രാമുകളും നടത്തി വരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചു ജനങ്ങളിൽ അവബോധം വളർത്തുന്നതിന് വേണ്ടി 7703 സൈബർ വോളന്റിയർമാരെ രജിസ്റ്റർ ചെയ്യുകയും അവർക്ക് ജില്ലാതലത്തിൽ ട്രെയിനിങ് നൽകുകയും ചെയ്തിട്ടുണ്ട്. സൈബർ കുറ്റാന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരശേഖരണത്തിനുമായി സൈബർ പട്രോൾ വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും പുരസ്കാരം ലഭ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇന്ത്യൻ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ ആദ്യ സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ച "സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങളിൽ സജീവമായ ഇടപെടൽ" എന്ന വിഭാഗത്തിലാണ് കേരളത്തെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. ഈ രംഗത്ത് സംസ്ഥാന സർക്കാർ നടത്തിയ സ്തുത്യർഹവും, മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് കേരളത്തെ പുരസ്കാരത്തിന് അർഹമാക്കിയത്. |
| (സി) | ഏതു മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പ്രസ്തുത പുരസ്കാരത്തിന് സംസ്ഥാനം തെരഞ്ഞെടുക്കപ്പെട്ടതെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. ഇന്ത്യൻ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ ആദ്യ സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര |

| | | | |
|---|---|---|---|
| | | | മന്ത്രാലയം പ്രഖ്യാപിച്ച "സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങളിൽ സജീവമായ ഇടപെടൽ" എന്ന വിഭാഗത്തിലാണ് കേരളത്തെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. ഈ രംഗത്ത് സംസ്ഥാന സർക്കാർ നടത്തിയ സ്തുത്യർഹവും, മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് കേരളത്തെ പുരസ്കാരത്തിന് അർഹമാക്കിയത്. |
| (ഡി) | സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും എ.ഐ. അടക്കമുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്. പൊതുജനങ്ങൾക്ക് ലഭിക്കുന്ന മെസേജുകൾ, യു.ആർ.എൽ, ഇ - മെയിൽ, സോഷ്യൽ മീഡിയ വിവരങ്ങൾ എന്നിവ വ്യാജമാണോ എന്ന് പരിശോധിച്ച് പൊതുജനങ്ങളെ സൈബർ തട്ടിപ്പുകളിൽ നിന്നും സംരക്ഷിക്കുന്നതിനായി എ.ഐ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൈബർ വാൾ പ്രോജക്ട് വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ